# ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ



## ബേത്ലഹേം വിഭാഗം- ജീസസ് കിഡ്സ്

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസ്സോസിയേഷൻ

# ബേത്‌ലഹേം വിഭാഗം

## ബാലപാഠം

ശ്രേഷ്ഠാനുമതിയോടെ പ്രസിദ്ധീകരിക്കുന്നത്

---

സൺഡേസ്കൂൾ കേന്ദ്ര ഓഫീസ്
ദേവലോകം, കോട്ടയം-4
ഫോൺ: 2572890

AN OSSAE PUBLICATION

Sunday School Balapadam

Third Edition: September 2016

Reprint: Copies 5,000

Price: ₹ 30.00

Printed at Alois Graphics, Kottayam
aloisgraphics@gmail.com

വാത്സല്യനിധികളായ കുട്ടികളേ,

സൺഡേസ്കൂളിൽ ചേർന്ന് പഠിക്കുവാൻ നിങ്ങൾക്കേവർക്കും അവസരം നൽകിയ ദൈവത്തെ നമുക്ക് സ്തുതിക്കാം. സൺഡേസ്കൂൾ പഠനത്തിന് നിങ്ങൾ കാണിക്കുന്ന ഉത്സാഹത്തിന് പ്രത്യേക അഭിനന്ദനങ്ങൾ.

സൺഡേസ്കൂളിൽ ഈ വർഷം മുതൽ പുതിയ പാഠ്യപദ്ധതി അനുസരിച്ചുള്ള പാഠങ്ങളാണ് നിങ്ങൾ പഠിക്കുന്നത്. വേദപുസ്തകകഥകൾ, പ്രാർത്ഥനകൾ, ആരാധനാഗീതങ്ങൾ തുടങ്ങി പാഠങ്ങൾ കൂടുതൽ ആകർഷകമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

പതിവായി പ്രാർത്ഥിക്കുകയും ആരാധനയിൽ പങ്കെടുക്കുകയും മാതാപിതാക്കളെ അനുസരിക്കുകയും നല്ല ശീലങ്ങൾ ഉള്ളവരായി വളരുകയും ചെയ്യുന്നതിന് ഈ പാഠങ്ങൾ നമ്മെ പ്രേരിപ്പിക്കും.

ഓരോ പാഠവും അദ്ധ്യാപകരിൽനിന്നും കേട്ട് ശ്രദ്ധയോടെ ഗ്രഹിക്കുകയും അനുബന്ധമായി കൊടുത്തിരിക്കുന്ന മനഃപാഠവാക്യപഠനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൃത്യമായി പൂർത്തിയാക്കുകയും ചെയ്താലേ പഠനം പൂർണ്ണമാകൂ.

വേദപഠനത്തിൽ കർത്താവ് വേണ്ട മാർഗ്ഗനിർദ്ദേശം നൽകി നിങ്ങളെ വഴി നടത്തട്ടെ.

**ഫാ. കെ.വി. തോമസ്**
*പബ്ലിക്കേഷൻ ഓഫീസർ*

## ആമുഖം

വിദ്യാഭ്യാസമേഖലയിൽ അധ്യയനരീതിയിൽ വന്ന മാറ്റങ്ങൾക്ക് അനുസൃതമായി സൺഡേസ്കൂൾ പാഠ്യപദ്ധതിയും പരിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നല്ലോ. എല്ലാ ക്ലാസ്സുകളിലേയ്ക്കും ഉള്ള പാഠപുസ്തകങ്ങൾ തയ്യാറായിക്കഴിഞ്ഞു എന്നുള്ളത് പ്രസ്താവിക്കുന്നതിൽ സന്തോഷിക്കുന്നു. ഈ ഉദ്യമത്തിന് മുൻകൈ എടുത്ത് നേതൃത്വം നൽകിയത് സൺഡേസ്കൂൾ അസ്സോസിയേഷൻ പ്രസിഡന്റ് അഭിവന്ദ്യ ഡോ. യാക്കൂബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായാണ്. മുൻ ഡയറക്ടർ ജനറൽ ബഹു. ഡോ. ഒ. തോമസ് അച്ചൻ കൺവീനറായും പ്രൊഫ. ഡോ. സാം വി. ദാനിയേൽ എക്സിക്യൂട്ടീവ് എഡിറ്ററായും നേതൃത്വം കൊടുത്ത ഒരു കരിക്കുലം കമ്മറ്റിയാണ് ഈ പരിഷ്കരണത്തിന് നേതൃത്വം കൊടുത്തത്. ഈ പുസ്തകം തയ്യാറാക്കുന്നതിൽ കരിക്കുലം കമ്മറ്റിയോടൊപ്പം സഹകരിച്ച റവ. ഫാ. തോമസ് പി. മുകളിൽ, റവ. ഫാ. ഐപ്പ് പി. സാം, റവ. ഫാ. പി. വി. ജോൺ, റവ. ഫാ. സഖറിയ നൈനാൻ എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ലോകജ്ഞാനത്തിനായുള്ള പരക്കംപാച്ചിലിനിടയിൽ ദൈവിക ജ്ഞാനം സമ്പാദിക്കുവാനുള്ള അവസരം നഷ്ടപ്പെടുത്തിയാൽ ക്രിസ്തീയജീവിതം പൂർണ്ണമാകയില്ലായെന്ന് കുട്ടികളും മാതാപിതാക്കളും അധ്യാപകരും മനസ്സിലാക്കണം. ക്രിസ്തുവും ശിഷ്യന്മാരും തമ്മിൽ വളർത്തിയെടുത്ത ഗുരു-ശിഷ്യസ്നേഹബന്ധമാണ് സൺഡേസ്കൂൾ അധ്യയനത്തിന്റെ അടിസ്ഥാനപ്രമാണം. ഈ പ്രമാണം സ്വീകരിച്ചുകൊണ്ട് വിഷയങ്ങൾ കുട്ടികളിലേയ്ക്ക് സംവേദിക്കുവാൻ ഇതിലെ അവതരണരീതി അധ്യാപകർക്കും കുട്ടികൾക്കും ഒരുപോലെ സഹായമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

ദേവലോകം
1-10-2015

**ഫാ. ഡോ. റെജി മാത്യു**
*ഡയറക്ടർ ജനറൽ*

പ്രിയ അദ്ധ്യാപക സഹോദരങ്ങളെ,

നമ്മുടെ സൺഡേസ്കൂൾ പാഠ്യപദ്ധതി സമ്പൂർണ്ണമായി പരിഷ്കരിക്കുകയാണ്. പാഠങ്ങളുടെ ഘടനയിലും കാലികമായ വ്യതിയാനങ്ങൾ വരുത്തിയിട്ടുണ്ട്. കുട്ടികൾക്കുള്ള പാഠപുസ്തകത്തോടൊപ്പം അദ്ധ്യാപകർക്കായി 'പാഠ്യസഹായി' എന്ന കൈപുസ്തകവും തയ്യാറാക്കുകയാണ്. ഈ ക്രമീകരണം അദ്ധ്യാപകർക്കും കുട്ടികൾക്കും കൂടുതൽ സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നു.

ബാലപാഠം മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പഠനകാലഘട്ടത്തെ അഞ്ച് ഘട്ടങ്ങളായി തിരിച്ചിരിക്കുന്നു.

| | | | |
|---|---|---|---|
| 1. | ബേത്ലഹേം | ബാലപാഠം ക്ലാസ്സ് | 5 വയസ്സുവരെ |
| 2. | നസ്രേത്ത് | ക്ലാസ്സ് 1 മുതൽ 3 വരെ | 5 മുതൽ 7 വരെ |
| 3. | ഗലീലി | ക്ലാസ്സ് 4 മുതൽ 7 വരെ | 8 മുതൽ 11 വരെ |
| 4. | യരുശലേം | ക്ലാസ്സ് 8 മുതൽ 10 വരെ | 12 മുതൽ 14 വരെ |
| 5. | താബോർ | ക്ലാസ്സ് 11 ഉം 12 ഉം | 15 മുതൽ 16 വരെ |

പാഠപുസ്തകത്തിലെ വിവിധ പാഠങ്ങളുടെ പൊതുവായ ഘടന താഴെ കൊടുക്കുന്നു.

1. മുഖ്യസന്ദേശം: ഓരോ പാഠത്തിൽ നിന്നും ഉരുത്തിരിഞ്ഞു വരേണ്ട പ്രധാന ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. പാഠാവതരണ സമയത്ത് ഈ ആശയം ഓർക്കേണ്ടതാണ്.
2. മനഃപാഠവാക്യം: ഓരോ പാഠവുമായി ബന്ധപ്പെട്ട് ഒരു വേദവാക്യം കുട്ടികൾ ഹൃദിസ്ഥമാക്കുന്നതിനായി നൽകിയിരിക്കുന്നു. ഈ വാക്യം റഫറൻസ് സഹിതം കാണാതെ പറയുവാൻ കുട്ടികളെ പ്രേരിപ്പിക്കണം.
3. പാഠപരിചയം: ഓരോ പാഠത്തിന്റെയും പ്രധാന ആശയം വളരെ ചുരുങ്ങിയ വാക്കുകളിൽ നൽകിയിരിക്കുന്നു. ഇത് വായിച്ചാൽ പാഠത്തെക്കുറിച്ചുള്ള ഒരു ഏകദേശ ധാരണ ലഭിക്കുന്നതാണ്.
4. ആമുഖം: പാഠഭാഗത്തിന്റെ അവതരണത്തിനായി ലളിതമായ ചോദ്യങ്ങളും കുട്ടികളുടെ മുന്നറിവുകളുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ആമുഖം ഏറ്റവും രസകരമായി കുട്ടികൾക്ക് ഏറ്റവും ഇഷ്ടപ്പെടുന്ന രീതിയിൽ അവതരിപ്പിക്കേണ്ടതാണ്.

5. പാഠഭാഗം: പാഠത്തിന്റെ അവതരണം വിദ്യാർത്ഥികേന്ദ്രീകൃതമാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കുട്ടികൾക്ക് നല്ല പങ്കാളിത്തമുണ്ടാകത്തക്കവിധത്തിൽ വേണം ആശയങ്ങൾ അവതരിപ്പിക്കുവാൻ. വി. വേദപുസ്തകം ക്ലാസ്സിൽ കൊണ്ടുപോകണം. വേദഭാഗങ്ങൾ എടുത്തു വായിച്ച് കേൾപ്പിക്കണം. പ്രാർത്ഥന, ആരാധനാഗീതം, നല്ല ശീലങ്ങൾ തുടങ്ങിയവയ്ക്ക് പ്രത്യേക യൂണിറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. അതെല്ലാം അതതിന്റെ സാഹചര്യങ്ങളിൽ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കണം. പാഠാവതരണത്തിനിടയ്ക്ക് ഒന്നു രണ്ടു പ്രാവശ്യം നിർത്തി അവരുടെ ഗ്രഹണശക്തി പരിശോധിക്കുകയും പാട്ടു പാടിക്കുകയും മറ്റും ചെയ്യാവുന്നതാണ്.

6. നമുക്ക് ചിന്തിക്കാം, പ്രവർത്തനങ്ങൾ: ഈ ഭാഗത്ത് ചിന്തിച്ച് ഉത്തരം പറയുവാനുള്ള ചോദ്യങ്ങളും ചില പ്രവർത്തനങ്ങളും നൽകിയിരിക്കുന്നു. പ്രവർത്തനങ്ങൾ പലതും സ്കിറ്റ്പോലെ ക്ലാസ്സിൽ അഭിനയിപ്പിക്കാവുന്നതും കഥ പറയിക്കാവുന്നതും ആണ്. അവ കുട്ടികളെക്കൊണ്ട് ചെയ്യിക്കാൻ വേണ്ട പ്രേരണ നൽകണം. പാഠങ്ങളുടെ എണ്ണം കുറച്ചിട്ടുള്ളതിനാൽ ഈ പ്രവർത്തനങ്ങൾക്കുകൂടി സമയം കിട്ടുമെന്നു കരുതുന്നു.

7. നമുക്ക് പാടാം, പ്രാർത്ഥിക്കാം: പാഠഭാഗവുമായി ബന്ധപ്പെട്ട ഒരു ഗീതവും ഒരു പ്രാർത്ഥനയും നൽകിയിരിക്കുന്നു. ഗീതങ്ങളിൽ പഴയ ഒ.വി.ബി.എസ്. ഗാനങ്ങളും ചേർത്തിട്ടുണ്ട്. ഇവിടെ നൽകിയിരിക്കുന്ന പ്രാർത്ഥന ചൊല്ലിക്കൊടുത്ത് കുട്ടികളെക്കൊണ്ട് പ്രാർത്ഥിപ്പിക്കണം. എഴുന്നേറ്റുനിന്ന് കുരിശുവരച്ച് പ്രാർത്ഥിക്കണം.

8. നിശ്ചയം: ഒരു തീരുമാനംപോലെ കുട്ടികളുടെ മനസ്സിനെ സ്പർശിക്കുന്ന ഒരു ആശയമാണ് ഇവിടെ നൽകിയിരിക്കുന്നത്. അത് അവരെക്കൊണ്ട് പറയിക്കണം.

9. തുടർവായനയ്ക്ക്: പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ വേദപുസ്തകഭാഗങ്ങൾ വിവിധ ദിവസങ്ങളിൽ വൈകുന്നേരവും രാവിലെയും വായിക്കുന്നതിനും അല്ലെങ്കിൽ വായിച്ച് കേൾക്കുന്നതിനും നൽകിയിരിക്കുന്നു. കുട്ടികൾ ഓരോ ദിവസവും പ്രാർത്ഥനയോടൊപ്പം ഈ ഭാഗങ്ങൾ വീട്ടിൽ വായിച്ച് കേൾക്കുവാൻ അവരെ പ്രേരിപ്പിക്കണം. ഈ പരിശീലനം കുടുംബങ്ങളിൽ വേദവായനയ്ക്ക് പ്രേരകമാകും എന്ന് പ്രത്യാശിക്കുന്നു.

**ബേത്‌ലഹേം ക്ലാസ്സിൽ പരീക്ഷ ഉണ്ടായിരിക്കുന്നതല്ല. അവർക്ക് കളിക്കുവാനും പാടാനും ആടാനുമെല്ലാം ക്ലാസ്സിൽ അവസരമുണ്ടാ**

ക്കണം. 15 പാഠങ്ങൾ മാത്രമേ ഈ ക്ലാസ്സിൽ കൊടുത്തിട്ടുള്ളു. അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും കുട്ടികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുവാൻ മാത്രമാണ് പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട് മറ്റു ക്ലാസ്സുകളിലെ പാഠങ്ങളുടെ ഘടന ഇവിടെ സ്വീകരിച്ചിട്ടില്ല.

സഭയിലെ വളർന്നുവരുന്ന തലമുറയെ ആത്മീയമായി പരിശീലിപ്പിക്കുകയും, സത്യവിശ്വാസത്തിലും സത്യാരാധനയിലും ഉറപ്പിക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കുകയും ചെയ്യുന്ന നമ്മുടെ പ്രിയപ്പെട്ട സൺഡേസ്കൂൾ അദ്ധ്യാപകരുടെ സേവനം നിസ്തുലമാണ്. പുതിയ പാഠ്യപദ്ധതിയുടെ വിജയകരവും ഭാവനാപൂർണ്ണവുമായ നടത്തിപ്പിൽ നമ്മുടെ എല്ലാ അദ്ധ്യാപകരുടെയും പരിപൂർണ്ണമായ സഹകരണം ഉണ്ടായെ മതിയാവൂ. പഴയ രീതികളിൽ നിന്നും പുതിയ പദ്ധതി ഒരു നല്ല അളവുവരെ വിഭിന്നമാകയാൽ അദ്ധ്യാപകർ ശ്രദ്ധയോടുകൂടി പുതിയ പാഠ്യപദ്ധതിയും പാഠ്യരീതിയും കൈകാര്യം ചെയ്യേണ്ടതാണ്. പരിശുദ്ധ സഭയ്ക്കുവേണ്ടി നമ്മുടെ സൺഡേസ്കൂൾ അദ്ധ്യാപകർ നിർവ്വഹിക്കുന്ന ഈ സൽകർമ്മത്തിന് സ്നേഹമൂർത്തിയായ ദൈവത്തിന്റെ അനുഗ്രഹാശീർവാദങ്ങൾ സമൃദ്ധിയായി ഉണ്ടാകട്ടെ.

**ഡോ. സാം വി. ഡാനിയേൽ**

*എക്സിക്യൂട്ടീവ് എഡിറ്റർ*

## കരിക്കുലം റിവിഷൻ കമ്മിറ്റി

അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ

ഫാ. ഡോ. ഒ. തോമസ്

ഫാ. കെ.വി. തോമസ്

ഫാ. ഡോ. റജി മാത്യു

പ്രൊഫ. ഡോ. സാം വി. ഡാനിയേൽ

പ്രൊഫ. ചെറിയാൻ തോമസ്

പ്രൊഫ. ഡോ. ജിബി ജോർജ്

ശ്രീ. സന്തോഷ് ബേബി എ.കെ.

മിസ് അന്നമ്മ ഫിലിപ്പോസ്

ഡോ. ഐപ്പ് വറുഗീസ്

## ഉള്ളടക്കം

യൂണിറ്റ് ഒന്ന്
**വേദപുസ്തക കഥകൾ**

പാഠം ഒന്ന്
ദൈവം നമ്മെ സൃഷ്ടിച്ചു 11

പാഠം രണ്ട്
നമ്മെ കരുതുന്ന കൂട്ടുകാർ 14

പാഠം മൂന്ന്
തീയിൽനിന്നും രക്ഷപ്പെട്ട ബാലന്മാർ 17

പാഠം നാല്
ക്രിസ്തുമസ് 20

പാഠം അഞ്ച്
യേശു ബധിരനു കേൾവി നൽകുന്നു 23

പാഠം ആറ്
അത്ഭുതകരമായ മീൻപിടിത്തം 26

പാഠം ഏഴ്
യേശു ബാലികയെ ഉയിർപ്പിക്കുന്നു 29

പാഠം എട്ട്
ദാവീദുപുത്രന് ഊശാന 32

പാഠം ഒൻപത്
കടലിൽനിന്നു രക്ഷപ്പെട്ട യോന 35

യൂണിറ്റ് രണ്ട്
**നമുക്കു ചുറ്റുമുള്ള ലോകം**

പാഠം പത്ത്
കുടുംബം 38

യൂണിറ്റ് മൂന്ന്
**ദൈവത്തിന്റെ സ്നേഹം**

പാഠം പതിനൊന്ന്
പകലും രാത്രിയും 41

പാഠം പന്ത്രണ്ട്
വെയിലും മഴയും 43

പാഠം പതിമൂന്ന്
ആഹാരവും വസ്ത്രവും പാർപ്പിടവും 46

യൂണിറ്റ് നാല്
**നമുക്ക് ആരാധിക്കാം**

പാഠം പതിനാല്
പ്രാർത്ഥന 49

പാഠം പതിനഞ്ച്
ആരാധനാഗീതം 51

## യൂണിറ്റ് ഒന്ന്

# വേദപുസ്തക കഥകൾ



### പാഠം ഒന്ന്

## ദൈവം നമ്മെ സൃഷ്ടിച്ചു

(ഉല്പത്തി 1-ാം അദ്ധ്യായം)

കണ്ണാടിയിൽ നമ്മുടെ മുഖം നാം കണ്ടിട്ടുണ്ടല്ലോ. (എല്ലാവരും അടുത്തിരിക്കുന്ന ആളിന്റെ മുഖത്തോട്ട് നോക്കി ഒന്ന് പുഞ്ചിരിക്കുക). മനുഷ്യർക്ക് ഈ മനോഹരമായ രൂപം നൽകിയത് ആരാണ്?

ദൈവം തന്നതാണ് നമുക്ക് ഈ സുന്ദരരൂപം.

എല്ലാവരും അല്പസമയം കണ്ണടച്ച് ഇരിക്കുക. ഇങ്ങനെയിരുന്ന് നമുക്ക് ചുറ്റും എന്തെല്ലാം വസ്തുക്കളുണ്ട് എന്ന് പറയാമോ? ഇനി കണ്ണു തുറന്ന് ചുറ്റും കാണുന്നതെന്തെല്ലാം എന്ന് പറയുക.


മരം, മനുഷ്യർ, ആകാശം, കെട്ടിടം, മേശ, കസേര, പേന, ബുക്ക്, കിളികൾ, ചെടികൾ എന്തെല്ലാം കാഴ്ചകളാണ്. ഇതെല്ലാം കാണുവാൻ നമുക്ക് കഴിയുന്നത് ദൈവം കണ്ണുകൾ തന്നതിനാലാണ്.

ഇനി എല്ലാവരും അല്പസമയം നിശബ്ദരായിരുന്ന് എന്തെല്ലാം ശബ്ദങ്ങൾ കേൾക്കുവാൻ കഴിയുന്നു എന്ന് പറയുക.

ഈ ശബ്ദങ്ങൾ കേൾക്കുവാൻ കഴിയുന്നത് കാതുകളിലൂടെയാണ്. ശ്വസിക്കുവാനും ഗന്ധങ്ങൾ ആസ്വദിക്കുവാനും നമുക്ക് മൂക്ക് തന്നിരിക്കുന്നു.

നമ്മുടെ മനസ്സിലുള്ള കാര്യങ്ങൾ മറ്റാളുകളോട് പറയുവാനും ഭക്ഷണം കഴിക്കുവാനും വായ് തന്നിരിക്കുന്നു. നമ്മൾ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ചെയ്യുവാൻ കൈകളും നടക്കുവാൻ കാലുകളും തന്നിരിക്കുന്നു.

പാട്ടുപാടുവാനും പ്രസംഗിക്കുവാനും നൃത്തം ചെയ്യുവാനും പടം വരയ്ക്കുവാനും നമുക്ക് കഴിവു തന്നതു ദൈവമാണ്.



ചിത്രം ചായം ഇടുക

ദൈവം ഇത്തരം കഴിവുകളെല്ലാം നമുക്ക് നല്കിയത് ദൈവത്തിന് നമ്മോടുള്ള സ്നേഹംകൊണ്ടാണ്. ഈ കഴിവുകൾ തന്ന ദൈവത്തോട് നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം.

**ഗുണപാഠം**

**ദൈവമാണ് ഈ ലോകത്തിലുള്ള സകലത്തിനെയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നത്**

## നമുക്ക് പാടാം

ദൈവം തന്നൊരു ജീവനിത്
ദൈവം തന്നൊരു ഭാഗ്യമിത്
ലോകം കാണാൻ കണ്ണുകളും
ഗാനം കേൾക്കാൻ കാതുകളും
മധുമൊഴി പകരാൻ ചുണ്ടുകളും
ദൈവത്തിൻ വരദാനം താൻ.

## പ്രാർത്ഥന

**ദൈവമേ അവിടുന്ന് ഞങ്ങൾക്ക് നല്കിയിട്ടുള്ള നല്ല കഴിവുകളെയോർത്ത് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.**

## മനഃപാഠവാക്യം

(ഉല്പത്തി 1:1)

**"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു."**

പാഠം രണ്ട്

# നമ്മെ കരുതുന്ന കൂട്ടുകാർ

1 ശമുവേൽ 18:1-4, 23:16-18, 2 ശമുവേൽ 1:17

വേദപുസ്തകത്തിൽ ദാവീദ് എന്ന ഇടയബാലനെപ്പറ്റി ധാരാളം കഥകളുണ്ട്. ആടുകളെ സംരക്ഷിക്കുന്നതിൽ അതിസമർത്ഥനായിരുന്നു ദാവീദ്. കാട്ടുമൃഗങ്ങളെ തുരത്തിയോടിക്കുവാൻ കഴിവുള്ളവൻ, അവശതയുള്ളആടിനെ തോളിലേറ്റി നടന്നവൻ.

ദൈവഭക്തനായിരുന്ന ദാവീദിന് ദൈവം കൂടുതൽ ശക്തി നല്കി. ആടുകളെ ആക്രമിച്ച സിംഹത്തെയും കരടിയെയും കൊല്ലുവാൻ ആ ബാലന് ശക്തിയുണ്ടായി.

മറ്റു ചില കഴിവുകളും ദാവീദിന് ദൈവം നല്കിയിരുന്നു. പാട്ടുകൾ എഴുതുവാനും മനോഹരമായി പാടുവാനും സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുവാനും ദാവീദിന് കഴിഞ്ഞിരുന്നു. ദാവീദിന്റെ സംഗീതം പ്രസിദ്ധമായി.

അക്കാലത്ത് ഇസ്രായേലിലെ രാജാവായിരുന്ന ശൗൽ, ദാവീദിന്റെ സംഗീതത്തെപ്പറ്റി കേട്ടു. ദാവീദിനെ കൊട്ടാരത്തിൽ വരുത്തി. ദാവീദിന്റെ പാട്ട് രാജാവിന് വളരെ ഇഷ്ടമായി. കൊട്ടാരത്തിൽ താമസിക്കണമെന്ന് ദാവീദിനോട് ആവശ്യപ്പെട്ടു. രാജാവ് ആവശ്യപ്പെടുമ്പോഴെല്ലാം ദാവീദ് വീണ വായിക്കുകയും പാടുകയും ചെയ്തു.

രാജാവിന് ഒരു മകനുണ്ടായിരുന്നു. യോനാഥാൻ എന്നാണ് അയാളുടെ പേര്. യോനാഥാന് ദാവീദിനോട് വളരെ സ്നേഹമായി. ദാവീദിന് തിരിച്ചും. യോനാഥാൻ തന്റെ വിലപ്പെട്ട പട്ടുടുപ്പുകൾ ദാവീദിന് നല്കി. തന്റെ വിലപിടിപ്പുള്ള അമ്പും വില്ലും ദാവീദിന് സമ്മാനിച്ചു.

യോനാഥാൻ ദാവീദിനോട് പറഞ്ഞു: "നമ്മൾ എന്നും ഉറ്റ ചങ്ങാതികളായിരിക്കും."

നമ്മൾ മരണം വരെ ഉറ്റ സുഹൃത്തുക്കളായിരിക്കും എന്ന് ദാവീദും ഉറപ്പു നല്കി.

ഒരിക്കൽ ശൗലിന് ദാവീദിനോട് വിരോധം ഉണ്ടായി. ദാവീദിനെ കൊല്ലുവാൻ പദ്ധതിയിട്ടു. പക്ഷേ, യോനാഥാൻ സഹായിച്ചതിനാൽ ദാവീദ് രക്ഷപ്പെട്ടു. ദാവീദ് പിന്നീട് രാജാവാകുകയും ചെയ്തു.



**ചിത്രം ചായം ഇടുക**

നമുക്ക് കൂട്ടുകാരെ തരുന്നത് ദൈവമാണ്. നമ്മുടെ വിവിധ സാഹചര്യങ്ങളിൽ അവർ നമ്മെ സഹായിക്കുന്നു. നാം നമ്മുടെ സുഹൃത്തുക്കളെയും സഹായിക്കണം.

**ഗുണപാഠം**

ആപത്തിൽപ്പെട്ടവരെ സഹായിക്കുന്നവരാണ്
യഥാർത്ഥ കൂട്ടുകാർ

## നമുക്ക് പാടാം

കൂട്ടുകാരെ തന്നവനാം
ദൈവത്തിന് സ്തുതി പാടാം
സ്തുതി പാടാം സ്തുതി പാടാം.
ദൈവത്തിന് സ്തുതി പാടാം.

## പ്രാർത്ഥന

ദൈവമേ ഞങ്ങളുടെ കൂട്ടുകാരെ എല്ലാവരേയും അനുഗ്രഹിക്കണമേ

## മനഃപാഠവാക്യം

(സങ്കീർത്തനങ്ങൾ 23:1)

"യഹോവ എന്റെ ഇടയനാകുന്നു. എനിക്ക് മുട്ടുണ്ടാകയില്ല."

പാഠം മൂന്ന്

# തീയിൽനിന്നും രക്ഷപ്പെട്ട ബാലന്മാർ

ദാനിയേൽ 1-3


വളരെക്കാലം മുമ്പ് നെബുഖദ്നേസർ എന്ന രാജാവ് യഹൂദരുടെമേൽ അധികാരം സ്ഥാപിച്ചു. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് കൊട്ടാരത്തിലെ ജോലികൾക്കായി നാട്ടിലെ സുന്ദരന്മാരും സമർത്ഥരും പഠിപ്പിൽ മിടുക്കരുമായ കുറെ ബാലന്മാരെ തെരഞ്ഞെടുത്തു. അവരെ കൊട്ടാരത്തിൽത്തന്നെ താമസിപ്പിച്ച് പരിശീലിപ്പിച്ചു. കൊട്ടാരത്തിലെ വിശിഷ്ടമായ രാജകീയ ഭക്ഷണവും വീഞ്ഞും മറ്റും നല്കി മൂന്നു വർഷംകൊണ്ട് ഈ ബാലന്മാരെ സുമുഖരും സമർത്ഥരുമാക്കി വളർത്തിയെടുക്കുവാൻ രാജാവ് കല്പിച്ചു.

എന്നാൽ ആ ബാലന്മാരുടെ കൂട്ടത്തിൽ ദൈവഭക്തരും സത്സ്വഭാവികളുമായ നാലുപേർ ഉണ്ടായിരുന്നു.

ദാനിയേൽ, ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നീ നാലുപേർ കൊട്ടാരത്തിലെ മേൽത്തരമായ ഭക്ഷണവും വീഞ്ഞും കഴിക്കുവാൻ വിസമ്മതിച്ചു. അവർക്ക് ലളിതഭക്ഷണം മതിയെന്നും വീഞ്ഞു കഴിക്കില്ലെന്നും അവർ വാശിപിടിച്ചു. പത്തു ദിവസം കഴിഞ്ഞപ്പോൾ ഈ നാലു ബാലന്മാർ രാജഭക്ഷണം കഴിച്ചവരേക്കാൾ സൗന്ദര്യമുള്ളവരായി. നാലുപേരും വളരെ മിടുക്കന്മാരുമായി. ദാനിയേൽ സമർത്ഥനായിരുന്നതിനാൽ രാജാവ് ദാനിയേലിനെ കൊട്ടാരത്തിലെ പ്രധാന ഉദ്യോഗസ്ഥനാക്കി. ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവരെ സംസ്ഥാനഭരണത്തിന്റെ ചുമതലക്കാരാക്കി നിയമിച്ചു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ രാജാവ് വലിയ ഒരു സ്വർണവിഗ്രഹം നിർമ്മിച്ചു. വിഗ്രഹത്തെ എല്ലാവരും വന്ദിക്കണമെന്ന് കല്പന പുറപ്പെടുവിച്ചു. ആജ്ഞ അനുസരിക്കാത്തവരെ തീച്ചൂളയിൽ ഇടുമെന്ന് കല്പിച്ചു.

രാജ്യത്തുള്ള സകലയാളുകളും സ്വർണവിഗ്രഹത്തെ നമസ്കരിച്ചു. എന്നാൽ ശദ്രക്ക്, മേശക്ക്, അബേദ്നെഗോ എന്നിവർ വിഗ്രഹത്തെ നമസ്കരിച്ചില്ല എന്ന് ചിലർ രാജാവിനോട് പരാതി പറഞ്ഞു. രാജാവിന് വളരെയധികം ദേഷ്യം ഉണ്ടായി. വിവരം തിരക്കിയപ്പോൾ അവർ സത്യദൈവത്തെയല്ലാതെ മറ്റൊരു ദേവനെയോ വിഗ്രഹത്തെയോ വന്ദിക്കയില്ല എന്ന് തീർത്തു പറഞ്ഞു. രാജാവിന്റെ കോപം



**ചിത്രം ചായം ഇടുക**

ഇരട്ടിയായി. അവർക്ക് ഒരു അവസരംകൂടി നൽകി, അനുസരിച്ചില്ലെങ്കിൽ എരിയുന്ന തീച്ചൂളയിൽ ഇടും എന്ന് പറഞ്ഞു.

ബാലന്മാർ ശാന്തമായി പറഞ്ഞു: "ഞങ്ങൾ സേവിക്കുന്ന ദൈവം എരിയുന്ന തീച്ചൂളയിൽനിന്നു ഞങ്ങളെ വിടുവിക്കും."

കരുത്തരായ സേവകന്മാർ മൂന്നു ബാലന്മാരെയും പിടിച്ചുകെട്ടി എരിയുന്ന തീയിൽ എറിഞ്ഞു.

രാജാവ് നോക്കുമ്പോൾ തീച്ചൂളയിൽ നാലുപേർ നടക്കുന്നു. മൂന്നു ബാലന്മാർക്ക് പുറമേ തീയിൽ നടക്കുന്നത് ഒരു ദൈവദൂതനാണെന്ന് രാജാവിന് മനസ്സിലായി. അദ്ദേഹം പരിഭ്രാന്തനായി ബാലന്മാരെ വിളിച്ചു പുറത്തുവരുവാൻ പറഞ്ഞു.

അവർ തീയിൽനിന്നു പുറത്തുവന്നു. അവരുടെ ഉടുപ്പോ തലമുടിയോപോലും കരിഞ്ഞിരുന്നില്ല.

രാജാവ് തന്റെ കുറ്റം ഏറ്റു പറഞ്ഞു. നിങ്ങളുടെ ദൈവംതന്നെ യഥാർത്ഥ ദൈവം, ആ ദൈവത്തെ ഞാനും ആരാധിക്കാം എന്നു സമ്മതിച്ചു. ബാലന്മാർക്ക് പുതിയ സ്ഥാനമാനങ്ങൾ നൽകി.

### ഗുണപാഠം

സത്യദൈവത്തെ അല്ലാതെ യാതൊന്നിനെയും വന്ദിക്കരുത്.

### നമുക്ക് പാടാം

ദൈവത്തിന്റെ പൈതൽ ഞാൻ
ദൈവമെന്നെ കാക്കുന്നു
തീയിൽ പതിച്ചെന്നാലും
ദൈവമെന്നെ കാത്തീടും.

### പ്രാർത്ഥന

ദൈവമേ ഏതാപത്തിലും അങ്ങയെ മാത്രം ആരാധിക്കുവാൻ ഞങ്ങൾക്ക് കൃപ നൽകേണമേ.

### മനഃപാഠവാക്യം

(പുറപ്പാട് 20:3)

"ഞാനല്ലാതെ അന്യ ദൈവങ്ങൾ നിനക്കുണ്ടാകരുത്."

പാഠം നാല്

# ക്രിസ്തുമസ്

വി. മത്തായി 1:18-24; വി. ലൂക്കാ 2:1-20

നമ്മളെല്ലാം ക്രിസ്തുമസ് ആഘോഷിക്കാറുണ്ടല്ലോ? എന്തൊക്കെയാണ് ക്രിസ്തുമസിന്റെ ആഘോഷങ്ങൾ? ക്രിസ്തുമസ് ട്രീ അലങ്കരിക്കുക, സ്റ്റാർ ഇടുക, വീടെല്ലാം അലങ്കരിക്കുക,... ലോകം മുഴുവൻ ക്രിസ്തുമസ് ആഘോഷിക്കുന്നു. എന്തുകൊണ്ടാണെന്നറിയാമോ?

മനുഷ്യർക്ക് ഏറ്റവും വിലപ്പെട്ട, ഏറ്റവും വിശിഷ്ടമായ ഒരു സമ്മാനം ലഭിച്ചതിന്റെ സന്തോഷപ്രകടനമാണ് ക്രിസ്തുമസ് ആഘോഷം.

എന്താണ് ആ സമ്മാനം?

സ്നേഹവാനായ ദൈവം തന്റെ പുത്രനെ മനുഷ്യരുടെ ഇടയിലേക്ക് അയച്ചു.

യേശു മനുഷ്യനായി ജനിച്ചത് ബേത്‌ലഹേമിലെ ഒരു കാലിത്തൊഴുത്തിലാണ്.

ദൈവത്തിന്റെ പുത്രനാണെങ്കിലും ഭൂമിയിലെ ഏറ്റവും പാവപ്പെട്ടവനായി, സ്വന്തമായി വീടില്ലാത്തവരുടെ മകനെപ്പോലെ യേശു കാലിക്കൂട്ടിൽ പിറന്നു.

പുറത്ത് വെളിമ്പ്രദേശത്ത് ആടുകൾക്ക് കാവൽ കിടന്നിരുന്ന ആട്ടിടയന്മാരെ ദൈവദൂതർ ലോകരക്ഷകൻ കാലിത്തൊഴുത്തിൽ ജനിച്ച വിവരം അറിയിച്ചു. ആ ഇടയന്മാർ ധൃതിയായി ചെന്ന് യേശുക്കുഞ്ഞിനെ കണ്ട് നമസ്കരിച്ചു.

യേശു ജനിച്ച സമയത്ത് ആകാശത്തിൽ തെളിഞ്ഞ ഒരു അത്ഭുതനക്ഷത്രം കണ്ട്, മൂന്ന് വിദ്വാന്മാർ കിഴക്കുനിന്നു വന്ന് കുഞ്ഞിനെ കണ്ട് വിലയേറിയ സമ്മാനങ്ങൾ കാഴ്ചവച്ചു.

ദൈവത്തിന് നമ്മോടുള്ള സ്നേഹം എത്രയധികമാണെന്ന് ഈ സംഭവം വെളിപ്പെടുത്തുന്നു.

**ഗുണപാഠം**

ദൈവം മനുഷ്യനായി ജനിച്ചത് ദൈവത്തിന് നമ്മോടുള്ള സ്നേഹംകൊണ്ടാണ്.



ചിത്രം ചായം ഇടുക

## നമുക്ക് പാടാം

പുൽക്കുടിലിൽ കൽത്തൊട്ടിലിൽ
മറിയത്തിൻ പൊൻ മകനായ്
പണ്ടൊരു നാൾ ദൈവസുതൻ
പിറന്നതിന്നോർമ്മദിനം

## പ്രാർത്ഥന

ഞങ്ങളുടെ കർത്താവേ, അങ്ങയുടെ സ്നേഹം എത്ര വലുതാണ്. മറ്റുള്ളവരെ സ്നേഹിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മേൻ

## മനഃപാഠവാക്യം

യെശയ്യാവ് ൯:൬

"നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു."

പാഠം അഞ്ച്

# യേശു ബധിരനു കേൾവി നൽകുന്നു

വി. മർക്കോസ് 7:31-37

യേശു ഗലീല കടൽപ്പുറത്ത് നടക്കുമ്പോൾ ചിലയാളുകൾ കേൾവിശക്തിയില്ലാത്ത ഒരു മനുഷ്യനെ യേശുവിന്റെ സമീപം കൂട്ടികൊണ്ടുവന്നു.

ബധിരനായ അയാൾക്ക് പാട്ടിന്റെ മാധുര്യമോ കൂടെയുള്ളവരുടെ സംസാരമോ കിളികളുടെയും മൃഗങ്ങളുടെയും ശബ്ദമോ ഒന്നും കേൾക്കുവാൻ കഴിയുമായിരുന്നില്ല. മറ്റു കുട്ടികളെപ്പോലെ കഥകൾ കേൾക്കുവാനും പാട്ടുകൾ കേൾക്കുവാനുമുള്ള ഭാഗ്യം ഉണ്ടായിട്ടില്ല. സംസാരിക്കുവാനുള്ള ശേഷിയും ഇല്ലായിരുന്നു. അങ്ങനെ അയാൾ ഊമനും ബധിരനും ആയിരുന്നു.


ഈ മനുഷ്യന്റെ പരിതാപകരമായ അവസ്ഥയിൽ അലിവു തോന്നിയ ചില ആളുകൾ ഉണ്ടായിരുന്നു. അവരായിരുന്നു അയാളെ യേശുവിന്റെ അടുത്ത് എത്തിച്ചത്.

അവർ തന്നെ അയാളുടെ ദുരിതങ്ങൾ യേശുവിനോട് വിവരിച്ചു പറഞ്ഞു. ഈ മനുഷ്യന് കേൾവിയില്ല. സംസാരിക്കാനും കഴിയില്ല. അവിടുന്ന് അവനെ തൊട്ട് സൗഖ്യമാക്കണം എന്ന് അപേക്ഷിച്ചു. യേശു അയാളെ അടുത്തേക്ക് വിളിച്ച് അയാളുടെ കാതിലും നാവിലും തൊട്ടു. അത്ഭുതംതന്നെ! അയാൾക്ക് ഇപ്പോൾ ശബ്ദങ്ങൾ വ്യക്തമായി കേൾക്കാം! ആൾക്കൂട്ടത്തിന്റെ ആരവവും മരച്ചില്ലകൾ കാറ്റിലാടുന്ന ചെറിയ ശബ്ദവും അയാൾ കേട്ടറിഞ്ഞു. കിളികളുടെ സംഗീതം അയാളുടെ കാതിലെത്തി.

അയാൾ മെല്ലെ സംസാരിക്കുവാൻ ശ്രമിച്ചു. ഇപ്പോൾ സംസാരിക്കുവാനും സാധിക്കുന്നു. അയാൾക്കുണ്ടായ സന്തോഷത്തിന് അതിരില്ലെന്ന് പറയേണ്ടതില്ലല്ലോ! ആ മനുഷ്യനെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു വന്നവർക്കും അത്യന്തം സന്തോഷമുണ്ടായി. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ട് സന്തോഷത്തോടെ മടങ്ങിപ്പോയി.

**ഗുണപാഠം**

ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുന്നു.



**ചിത്രം ചായം ഇടുക**

## നമുക്ക് പാടാം

രോഗിക്കു വൈദ്യനവൻ
സർവ്വശക്തൻ യഹോവ അവൻ
സൗഖ്യം നല്കീടും ശക്തി ഏകീടും
എന്നും ആശ്വാസം പകരുമവൻ
(സ്തുതിഗീതം പാടുക നാം)

## പ്രാർത്ഥന

ദൈവമേ, അങ്ങു തരുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ രോഗികളോട് കരുണ തോന്നണമേ.

## വേദവാക്യം

സങ്കീർത്തനങ്ങൾ 34:1

"ഞാൻ യഹോവയെ എല്ലാ കാലത്തും വാഴ്ത്തും."

പാഠം ആറ്

# അത്ഭുതകരമായ മീൻപിടിത്തം

വി. ലൂക്കോസ് 5:1-9


മീൻ പിടിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? എങ്ങനെയൊക്കെയാണ് മീൻ പിടിക്കുന്നത്? വല വീശി പിടിക്കും, ചൂണ്ടയിട്ട് മീൻ പിടിക്കും, മീൻകൂട് ഉപയോഗിച്ച് പിടിക്കും, മറ്റ് എന്തെങ്കിലും തരത്തിൽ മീൻ പിടിക്കുന്നതിനെക്കുറിച്ച് കേട്ടിട്ടുണ്ടോ?

യേശുകർത്താവിന്റെ ശിഷ്യനായ പത്രോസ് മീൻപിടിക്കുവാൻ പോയപ്പോൾ ഉണ്ടായ ഒരു സംഭവം നമുക്കിന്ന് പഠിക്കാം.

പത്രോസും കൂട്ടുകാരും വള്ളത്തിൽ കയറി വല വീശിയാണ് മീൻ പിടിച്ചിരുന്നത്. ഒരു ദിവസം രാത്രി മുഴുവനും വീശിയിട്ടും ഒരു മീനും അവർക്ക് കിട്ടിയില്ല. അവർ വിഷമിച്ച് ജോലി നിർത്തി വല കഴുകുവാനാരംഭിച്ചു. ആ സമയം യേശു അതുവഴി വന്നു. യേശു പത്രോസിന്റെ വള്ളത്തിൽ കയറി കരയിൽനിന്ന് അല്പം നീക്കുവാൻ ആവശ്യപ്പെട്ടു. വള്ളത്തിലിരുന്ന് പത്രോസിനും കൂടെയുള്ളവർക്കും യേശു നല്ല നല്ല ഉപദേശങ്ങൾ നൽകി. അതിനുശേഷം ആഴത്തിലേക്ക് നീക്കി വല വീശുവാൻ കർത്താവ് പത്രോസിനോട് ആവശ്യപ്പെട്ടു. കർത്താവിന്റെ വാക്ക് അനുസരിച്ച് പത്രോസ് വല വീശി. അതിന്റെ ഫലമായി വലിച്ചു കയറ്റാൻ വയ്യാത്തതുപോലെ മീൻ വലയിൽ പെട്ടു. എല്ലാവർക്കും വലിയ സന്തോഷമായി. അവർ അടുത്തുള്ള വള്ളങ്ങളിലെ കൂട്ടുകാരെയെല്ലാം വിളിച്ചുകൂട്ടി. അവർ എല്ലാവരും കൂടി ഒന്നിച്ച് വല വലിച്ചു കയറ്റി. രണ്ടു വള്ളം നിറയെ മീൻ അവർക്ക് കിട്ടി. പത്രോസും കൂട്ടുകാരായ യാക്കോബ്, യോഹന്നാൻ എന്നിവരും അന്നു മുതൽ കർത്താവിന്റെ ശിഷ്യന്മാരായി പോയി.

**ഗുണപാഠം**

ദൈവത്തിൽ ആശ്രയിച്ച് ചെയ്യുന്ന ജോലികൾ
വിജയകരമായി ഭവിക്കും



ചിത്രം ചായം ഇടുക

## നമുക്ക് പാടാം

കരയിൽനിന്നാൽ കക്കകിട്ടും
ആഴത്തിൽ മുങ്ങിയാൽ മുത്തുകിട്ടും
ആഴക്കടലിൽ വലയെറിയും മുക്കുവരേ...
കക്കകളാണോ മുത്തുകളാണോ കിട്ടിയത്
ഹൊയ്യാ...ഹൊയ്...ഹൊയ്...ഹൊയ്...


## പ്രാർത്ഥന


ദൈവമായ നിന്നിൽ മാത്രം ആശ്രയിച്ച് ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. ആമ്മീൻ.


## പ്രവർത്തനങ്ങൾ

താഴെ കാണുന്ന ചിത്രങ്ങൾ എന്താണെന്ന് പറയുക

വല വള്ളം മീൻ







ഇതിൽ ഏതെങ്കിലും ഒരു ചിത്രം വരയ്ക്കാൻ ശ്രമിക്കുക

പാഠം ഏഴ്

# യേശു ബാലികയെ ഉയിർപ്പിക്കുന്നു

വി. ലൂക്കാ 8:40-56; വി. മത്തായി 9:18-26

യേശുവിന് കഷ്ടപ്പെടുന്നവരോട് കരുണയുണ്ടായിരുന്നു. യേശു അനേകം രോഗികളെ സുഖപ്പെടുത്തി. പ്രയാസങ്ങളും വേദനകളും അനുഭവിച്ച അനേകർക്ക് യേശു ആശ്വാസം നൽകി.

കുട്ടികളോട് യേശുവിന് പ്രത്യേക സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നു. പന്ത്രണ്ടു വയസ്സുള്ള ഒരു കുട്ടിയെ യേശു മരണത്തിൽനിന്നു രക്ഷിച്ച സംഭവം ഇന്നു നമുക്ക് പഠിക്കാം.

യേശുവിന്റെ ചുറ്റും എപ്പോഴും ധാരാളം ആളുകൾ കൂടി വന്നിരുന്നു. രോഗസൗഖ്യത്തിനും യേശു സംസാരിക്കുന്നതു കേൾക്കുവാനും വന്നെത്തുന്നവരായിരുന്നു അവർ. ഒരു ദിവസം യേശു ഒരു വലിയ ജനക്കൂട്ടത്തിന്റെ മദ്ധ്യത്തിൽ നില്ക്കുമ്പോൾ പള്ളിപ്രമാണിയായ യായിറോസ് എന്നയാൾ തിക്കിത്തിരക്കി വന്ന് യേശുവിന്റെ കാല്ക്കൽ വീണു നമസ്കരിച്ചു. യേശുവിനോട് അപേക്ഷിച്ചു: "എന്റെ മകൾ അസുഖം കൂടുതലായി മരിപ്പാറായി കിടക്കുന്നു. അങ്ങ് എന്റെ വീട്ടിൽ എത്തി അവളെ രക്ഷിക്കണം."

യേശു അയാളോടൊപ്പം പുറപ്പെടുവാൻ തുടങ്ങി. അപ്പോൾ യായിറോസിന്റെ ഒരു ഭൃത്യൻ വീട്ടിൽനിന്നും ഓടിയെത്തി. 'ഗുരുവിനെ ബുദ്ധിമുട്ടിക്കേണ്ട ബാലിക മരിച്ചുപോയി' എന്നറിയിച്ചു.

യായിറോസ് വളരെ ദുഃഖിതനായി. യേശു പറഞ്ഞു: "നിങ്ങൾ വിഷമിക്കേണ്ട. കുഞ്ഞ് മരിച്ചിട്ടില്ല. നമുക്ക് അങ്ങോട്ട് പോകാം."

യേശു യായിറോസിനോടൊപ്പം ആ വീട്ടിലേക്ക് തിരിച്ചു. വീടിനടുത്ത് എത്തിയപ്പോൾ ആളുകൾ കൂട്ടംകൂടി നിൽക്കുന്നത് കണ്ടു. മരണവീട്ടിൽ പാടുന്ന പാട്ടുകളും വേദവായനയും കേട്ടു.

യേശു വീട്ടിലേക്ക് കയറിച്ചെന്നു. യേശു മാതാപിതാക്കളെ കൂട്ടി ബാലികയെ കിടത്തിയ മുറിയിൽ പ്രവേശിച്ചു. യേശു ആ കുട്ടിയുടെ കൈ പിടിച്ചുയർത്തി. 'മകളെ എഴുന്നേല്ക്കുക' എന്നു പറഞ്ഞു.



**ചിത്രം ചായം ഇടുക**

ഉടനെ ബാലിക കണ്ണു തുറന്ന് എഴുന്നേറ്റു. അവൾക്ക് വിശക്കുന്നുണ്ട്. എന്തെങ്കിലും കഴിക്കുവാൻ കൊടുക്കുക എന്ന് യേശു കല്പിച്ചു. അമ്മ അടുക്കളയിലേക്ക് ഓടി. അവൾക്ക് ഭക്ഷിക്കുവാനുള്ള സാധനങ്ങൾ എടുത്തുകൊണ്ടു വന്നു. അവൾ ഭക്ഷണം കഴിച്ചു ഉന്മേഷം പ്രാപിച്ചു. എല്ലാവരും സന്തുഷ്ടരായി, ദൈവത്തെ സ്തുതിച്ചു. യേശുവിന് ദുഃഖിതരോടുള്ള മനസ്സലിവാണ് ഇവിടെ വ്യക്തമാകുന്നത്.

**ഗുണപാഠം**

ദൈവം മരിച്ചവരെ ഉയിർപ്പിക്കുന്നു

## നമുക്ക് പാടാം

ഭാരങ്ങൾ നേരിടുമ്പോൾ
കരങ്ങളാൽ താങ്ങിടുന്നു
മരണത്തിൻ താഴ്വരയതിലുമെന്നെ
പിരിയാത്ത മാധുര്യ നല്ല സഖിതാൻ
(കുരിശെടുത്തെൻ യേശുവിനെ...)

## പ്രാർത്ഥന

യേശുവേ, ദുഃഖിതരെ ആശ്വസിപ്പിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ.

### വേദവാക്യം

സങ്കീർത്തനങ്ങൾ 34:18

"ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ."

പാഠം എട്ട്

# ദാവീദുപുത്രന് ഊശാന

നാം പള്ളിയിൽ പൂക്കൾ വാരിയെറിയുന്ന ഒരു ദിവസമുണ്ടല്ലോ? അന്ന് നിങ്ങൾക്കെല്ലാവർക്കും സന്തോഷമല്ലേ? അന്ന് നിങ്ങൾ പൂക്കൾ പള്ളിയിൽ കൊണ്ടുവരാറുണ്ടോ? എന്തു പറഞ്ഞുകൊണ്ടാണ് നിങ്ങൾ പൂക്കൾ വാരിയെറിയുന്നത്? "ഊശാനാ ഊശാനാ എന്നു പറഞ്ഞുകൊണ്ട്" അല്ലേ? അതൊരു ഞായറാഴ്ചയാണ്. അന്ന് ഊശാനാ എന്നു പറഞ്ഞ് ആഘോഷിക്കുന്നതിന്റെ പിന്നിലുള്ള കഥ നമുക്കൊന്ന് പഠിക്കണ്ടേ?

ഒരിക്കൽ കർത്താവും ശിഷ്യന്മാരുംകൂടി യരുശലേമിലേക്ക് ആഘോഷമായി പോകുവാൻ തീരുമാനിച്ചു. യരുശലേമിലായിരുന്നു അന്നത്തെ പ്രധാന ദൈവാലയം. നിങ്ങൾക്ക് പള്ളിയിൽ പോകുവാൻ ഇഷ്ടമാണോ? എങ്ങനെയാണ് നിങ്ങൾ പള്ളിയിൽ പോകുന്നത്? നടന്നാണോ? വാഹനത്തിലാണോ? നമ്മുടെ കർത്താവ് എളിമയുടെ അടയാളമായ കഴുതപ്പുറത്താണ് അന്ന് ദൈവാലയത്തിൽ പോയത്. നിങ്ങൾ കഴുതയെ കണ്ടിട്ടുണ്ടോ? അങ്ങനെ കർത്താവും കൂട്ടരും യരുശലേമിലേക്ക് പോകുമ്പോൾ കുട്ടികളും പ്രായമുള്ളവരും എല്ലാം കർത്താവിന്റെ കൂടെ കൂടി. മുമ്പേ പോയവർ വഴിയിൽ പൂക്കളും ഇലകളും വിതറി. കൂടെ നടന്ന കുഞ്ഞുങ്ങൾ "ഊശാനാ, ഊശാനാ, ദാവീദുപുത്രന് ഊശാനാ" എന്ന് ആർത്തു പാടി. ഇന്ന് നമുക്കും ഒന്നു പാടാം. എല്ലാവരും ചേർന്ന് പാടുന്നു.

ഊശാനാ... ഊശാനാ...
ദാവീദാത്മജനുശാനാ...
സൈത്തിൻ കൊമ്പുകളേന്തിയിതാ
പിഞ്ചുകിടാങ്ങൾ പാടുന്നു.
ഭൂസ്വർഗ്ഗങ്ങളിലുശാനാ ദാവീദാത്മജനുശാനാ

ഊശാനാ എന്നാൽ ദൈവത്തിനു സ്തുതി എന്നാണ് അർത്ഥമാക്കുന്നത്. ഈ സംഭവത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് നാം ഊശാന പെരുന്നാൾ ആഘോഷിക്കുന്നത്.



ചിത്രം ചായം ഇടുക

## ഗുണപാഠം

താണനിലത്തേ നീരോടൂ. അവിടേ ദൈവം തുണചെയ്യൂ.

## പ്രാർത്ഥന

ദൈവമേ ഞങ്ങളെ രക്ഷിക്കണമേ.

## പ്രവർത്തനങ്ങൾ


1. ചിത്രങ്ങളുടെ പേര് പറയുക

കഴുത

ഒരുകൂട പൂക്കൾ

പൂക്കൾ വാരിയെറിയുന്ന കുഞ്ഞുങ്ങൾ







2. അടുത്തുവരുന്ന ഊശാനദിവസം എല്ലാവരും പള്ളിയിൽ പൂക്കൾ കൊണ്ടു പോയി ആഘോഷിക്കണം

### പാഠം ഒൻപത്

# കടലിൽനിന്നു രക്ഷപ്പെട്ട യോന

(യോനാ 1, 2 അദ്ധ്യായങ്ങൾ)

യിസ്രായേൽ രാജ്യത്തിനു കിഴക്ക് നിനവേ എന്നൊരു ദേശം ഉണ്ടായിരുന്നു. ആ സ്ഥലത്തെ ജനങ്ങൾ ദൈവകല്പന അനുസരിക്കാതെ വഷളന്മാരായി ജീവിച്ചു. അവർ മാനസാന്തരപ്പെട്ട് നല്ല മനുഷ്യരായി ജീവിക്കുവാൻവേണ്ടി അവിടെ പോയി അവരെ ഉപദേശിക്കുവാൻ യോന എന്നൊരു പ്രവാചകനെ ദൈവം അയച്ചു.

യോന ദൈവഭക്തനായിരുന്നെങ്കിലും യിസ്രായേൽക്കാർക്ക് നിനവേക്കാരോടു വെറുപ്പ് ഉണ്ടായിരുന്നതിനാൽ അവിടെ പോകുവാൻ ഇഷ്ടപ്പെട്ടില്ല.

അങ്ങനെ യോനാ കിഴക്കോട്ട് യാത്രചെയ്യാതെ പടിഞ്ഞാറ് ഭാഗത്തുള്ള തർശീശിലേക്ക് കപ്പൽ കയറി.


യോനാ കപ്പലിൽ യാത്രയിലായിരിക്കുമ്പോൾ കടൽ ഇളകി മറിഞ്ഞു. കപ്പൽ മുങ്ങിപ്പോകും എന്ന സ്ഥിതിയായി.

യാത്രക്കാരിൽ ആരോ ദൈവകോപത്തിന് ഇടയാക്കിയതാവാം കടൽ ഇളകുവാൻ കാരണം എന്ന് കപ്പൽജോലിക്കാർ പറഞ്ഞു. ആ ആളിനെ കണ്ടുപിടിക്കുവാനായി എല്ലാ യാത്രക്കാരുടെയും പേര് എഴുതി നറുക്കിട്ടു. അപ്പോൾ യോനയുടെ പേരിൽ നറുക്കു വീണു. തന്റെ തെറ്റ് മനസ്സിലാക്കിയ യോന കുറ്റം സമ്മതിക്കുകയും തന്നെ കടലിൽ എറിഞ്ഞു കളയണം എന്ന് പറയുകയും ചെയ്തു.

കപ്പൽക്കാർ യോനയെ കടലിൽ എറിഞ്ഞു. അതോടെ കടൽ ശാന്തമായി.

യോന കടലിൽ വീണെങ്കിലും മരിക്കുവാൻ ദൈവം അനുവദിച്ചില്ല. യോനയെ വിഴുങ്ങുന്നതിനായി ദൈവം ഒരു വലിയ മത്സ്യത്തെ നിയോഗിച്ചിരുന്നു. മത്സ്യം യോനയെ വിഴുങ്ങി. അതിന്റെ ഉള്ളിൽ ധാരാളം സ്ഥലം ഉണ്ടായിരുന്നു. അവന് ഒരു കേടും പറ്റിയില്ല. യോന അവിടെയിരുന്ന് തന്റെ തെറ്റുകൾ ക്ഷമിക്കുവാൻ ദൈവത്തോടു പ്രാർത്ഥിച്ചു. മൂന്നു രാത്രിയും മൂന്നു പകലും യോന ആ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞുകൂടി. അതിനുശേഷം ദൈവകല്പനപ്രകാരം യോനയെ മത്സ്യം നിനവേദേശത്തിന്റെ തീരത്തു ഛർദ്ദിച്ചു.

യോന അവിടുത്തെ ജനങ്ങളെ ഉപദേശിക്കുകയും അവർ മാനസാന്തരപ്പെട്ട് നല്ലവരായി മാറുകയും ചെയ്തു.



**ചിത്രം ചായം ഇടുക**

ദൈവം അത്ഭുതകരമായി നമ്മെ രക്ഷപ്പെടുത്തുവാൻ കഴിവുള്ളവനാണ്.

## ഗുണപാഠം

തെറ്റുകൾ ഏറ്റു പറഞ്ഞാൽ ദൈവം നമ്മോടു ക്ഷമിക്കും

## നമുക്ക് പാടാം

കരകാണാതാഴിയിൽ വലയുവോരെ
കരുണയെ കാംക്ഷിക്കും മൃതപ്രായരെ
വരികവൻ ചാരത്തു ബന്ധിതരെ
തരുമവൻ കൃപ മനഃശാന്തിയതും
(ജീവന്റെ ഉറവിടം)

## പ്രാർത്ഥന

ദൈവമേ അങ്ങയെ അനുസരിപ്പാൻ ഞങ്ങൾക്ക് നല്ല മനസ്സ് തരണമേ.

## മനഃപാഠവാക്യം

സങ്കീർത്തനങ്ങൾ 22:11

"യഹോവേ നിന്റെ വഴി എന്നെ കാണിക്കേണമേ."

### യൂണിറ്റ് രണ്ട്

# നമുക്കു ചുറ്റുമുള്ള ലോകം



### പാഠം പത്ത്

## കുടുംബം

നമ്മുടെ വീട്ടിൽ ആരെല്ലാം ഉണ്ട്? അപ്പൻ, അമ്മ, ചേട്ടൻ, ചേച്ചി ഇവരെല്ലാം നമ്മുടെ വീട്ടിൽ താമസിക്കുന്നു. ഇവരെല്ലാം ഒന്നുചേർന്ന് ജീവിക്കുന്നതിനാണ് നാം കുടുംബം എന്ന് പറയുന്നത്.

മനുഷ്യർക്ക് ഓരോ സമയത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്തുതരുവാൻ ദൈവം മറ്റാളുകളെ നിയോഗിച്ചിരിക്കുന്നു.

ദൈവം ആദ്യം സൃഷ്ടിച്ച മനുഷ്യന്റെ പേര് ആദാം എന്നായിരുന്നു. ഏദൻ എന്ന മനോഹരമായ തോട്ടത്തിൽ ദൈവം ആദത്തെ പാർപ്പിച്ചു.

ഏദനിൽ ധാരാളം മരങ്ങളും ചെടികളും വള്ളികളും ഉണ്ട്. രുചികരമായ പഴങ്ങൾ, സുഗന്ധം പരത്തുന്ന പൂക്കൾ, കിളികളുടെ സംഗീതം, തുള്ളിച്ചാടുന്ന മാനുകളും മുയലുകളും, മരക്കൊമ്പിൽ ഊഞ്ഞാലാടുന്ന കുരങ്ങൻ, ചില്ലകളിൽകൂടെ ഓടി നടന്നു പഴങ്ങൾ പറിച്ച് താഴെയിടുന്ന അണ്ണാറക്കണ്ണൻ ഇവയെല്ലാമുണ്ട്.

ഇതെല്ലാം ഉണ്ടെങ്കിലും ആദാമിനു കൂട്ടുകാരായി മനുഷ്യരാരും ഇല്ലായിരുന്നു.

ആദാമിന്റെ ദുഃഖം ദൈവം മനസ്സിലാക്കി. ഹവ്വ എന്ന സ്ത്രീയെ സൃഷ്ടിച്ച് ആദാമിന് തുണയായി നൽകി. അവർ പരസ്പരം സംസാരിച്ചും സ്നേഹിച്ചും ജീവിച്ചു. അവരുടെ ജീവിതം സന്തോഷകരമായി.



ചിത്രം ചായം ഇടുക

ആദത്തെ സൃഷ്ടിച്ചു
ഏദനിലാക്കി ദൈവം
ഏകനായിരിക്കാതെ
സ്ത്രീവേണം കൂട്ടവന്
കൂട്ടാളിയായിട്ടവന്
ഹവ്വായെ നൽകി ദൈവം.

ആദാമിനും ഹവ്വായ്ക്കും ദൈവം ഒരു മകനെ നൽകി. കയീൻ എന്നാണ് അവന് പേരിട്ടത്. കുറച്ചുകാലം കഴിഞ്ഞപ്പോൾ ഒരു മകൻകൂടി ഉണ്ടായി. അവന് ഹാബേൽ എന്നു പേരിട്ടു.

അങ്ങനെ ദൈവം ആദ്യത്തെ കുടുംബത്തെ ഭൂമിയിൽ സ്ഥാപിച്ചു. ദൈവം മനുഷ്യനെ സ്നേഹിക്കുന്നതുപോലെ മനുഷ്യർ പരസ്പരം സ്നേഹിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. സ്നേഹത്തിന്റെ ആദ്യപാഠങ്ങൾ നാം പഠിക്കുന്നത് കുടുംബത്തിൽനിന്നാണ്. നമ്മെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന മാതാപിതാക്കളെയും നൽകിയ ദൈവം എത്ര നല്ലവൻ.

### ഗുണപാഠം

നാം പരസ്പരം സ്നേഹിക്കണം

## പ്രാർത്ഥന

ദൈവമേ ഞങ്ങളുടെ മാതാപിതാക്കന്മാരെയും ഞങ്ങളുടെ എല്ലാവരെയും അനുഗ്രഹിക്കണമേ.

### മനഃപാഠവാക്യം

1 യോഹന്നാൻ 4:16

"സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു."

## യൂണിറ്റ് മൂന്ന്

# ദൈവത്തിന്റെ സ്നേഹം



## പാഠം പതിനൊന്ന്

# പകലും രാത്രിയും

ഇപ്പോൾ പകലോ രാത്രിയോ?

പകൽ.

എങ്ങനെയറിയാം.

വെളിച്ചം ഉള്ളതിനാൽ. സൂര്യൻ കിഴക്ക് ഉദിക്കുന്നത് നിങ്ങൾ കണ്ടിട്ടുണ്ടോ? എല്ലാ ദിവസവും രാവിലെ കിഴക്കേ ദിക്കിൽത്തന്നെ സൂര്യൻ ഉദിക്കുന്നു. നമുക്ക് വെളിച്ചം നൽകുന്ന സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും സൃഷ്ടിച്ചത് ദൈവമാണ്.

വെളിച്ചം പരക്കുന്നു. പൂക്കൾ വിടരുന്നു. കിളികൾ ഉണരുന്നു. എല്ലാവരും ഓരോ പ്രവൃത്തികളിൽ ഏർപ്പെടുന്നു. പഠിക്കുന്ന കുട്ടികൾ സ്കൂളിലേക്കു പോകുന്നു. ഉച്ചയാകുമ്പോൾ സൂര്യൻ തലയ്ക്കു മുകളിൽ എത്തും. ക്രമേണ പടിഞ്ഞാറേക്ക് ചാഞ്ഞ് ഒടുവിൽ വൈകുന്നേരത്ത് അസ്തമിക്കും. സൂര്യാസ്തമയം മനോഹരമായ കാഴ്ചയാണ്. സൂര്യൻ അസ്തമിച്ചാൽ ഇരുട്ടു പരക്കും. കിളികൾ അവയുടെ കൂടുകളിലേക്ക് പറന്നുപോകും. രാത്രി വിശ്രമിക്കുവാനുള്ളതാണ്. രാത്രിയുടെ ഇരുട്ടും നിശ്ശബ്ദതയും വിശ്രമത്തിനും പഠനത്തിനും പ്രാർത്ഥനയ്ക്കും അനുയോജ്യമത്രേ. അതിനു സമയം വിനിയോഗിച്ചശേഷം നാം ഉറങ്ങുവാൻ പോകുന്നു. അദ്ധ്വാനത്തിന് പകലുകളെയും വിശ്രമത്തിന് രാത്രികളെയും വേർതിരിച്ച് ദൈവം നമ്മോടുള്ള സ്നേഹം പ്രകടിപ്പിച്ചിരിക്കുന്നു.

## ഗുണപാഠം

ദൈവം വെളിച്ചമാകുന്നു. ദൈവത്തോട് അടുത്തിരിക്കുന്നവർ വെളിച്ചത്തിൽ വസിക്കുന്നു

## നമുക്ക് പാടാം

(ഞങ്ങൾക്കുള്ള കർത്താവേ എന്ന രീതി...)

രാവും പകലും തന്നു ദൈവം
പകലിൽ ജോലികൾ ചെയ്യാനും
രാത്രിയിൽ വിശ്രമമടയാനും
അണയാ ദീപം നീയല്ലോ.

## പ്രാർത്ഥന

പകലിനെയും രാത്രിയെയും ഇത്ര മനോഹരമായി ഞങ്ങൾക്ക് ഒരുക്കിത്തന്ന ദൈവമേ നിനക്കു സ്തുതി.

## മനഃപാഠവാക്യം

ഉല്പത്തി 1:3

"വെളിച്ചം ഉണ്ടാകട്ടെ എന്ന് ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി."

പാഠം പന്ത്രണ്ട്

# വെയിലും മഴയും

എല്ലാവരും പുറത്തേക്കു നോക്കി ഇപ്പോൾ വെയിലോ മഴയോ എന്ന് പറയുക. (വെയിലിന്റെയും മഴയുടെയും പ്രയോജനങ്ങൾ എന്തെല്ലാമാണ്?)

സൂര്യന്റെ വെളിച്ചം എല്ലാ ജീവികൾക്കും ചെടികൾക്കും ആവശ്യമാണ്. ഇലകൾ ഭക്ഷണം പാകം ചെയ്യുന്നത് സൂര്യപ്രകാശത്തിലാണ്. അങ്ങനെ ഭക്ഷണം ലഭിക്കുന്നതിനാലാണ് ചെടികൾ വളരുന്നത്. പൂക്കളും കായ്കളും ഉണ്ടാകുന്നത്.

സൂര്യപ്രകാശമുള്ളതിനാലാണ് നിലത്ത് പുല്ല് മുളച്ചുവളരുന്നത്. പശുക്കൾ പുല്ല് തിന്നുന്നു. പശുവിൽനിന്നും നമുക്ക് പാൽ കിട്ടുന്നു.

ചെടികൾക്കും മൃഗങ്ങൾക്കും മനുഷ്യർക്കും എല്ലാം ജീവിക്കുവാൻ വെള്ളം ആവശ്യമാണ്. വെള്ളം മഴയിലൂടെ എല്ലായിടത്തും എത്തുന്നു.

വാടി നില്ക്കുന്ന ചെടികൾ മഴ പെയ്തു കഴിയുമ്പോൾ പുതിയ ഉണർവോടെ നില്ക്കുന്നത് നിങ്ങൾ കണ്ടിരിക്കും.

മണ്ണിനടിയിൽ കിടക്കുന്ന വിത്തുകൾ മഴ പെയ്യുമ്പോൾ മുളച്ചുവരുന്നു. അങ്ങനെ പുതിയ ചെടികളും മരങ്ങളും ഉണ്ടാകുന്നു.

മഴവെള്ളം ഒഴുകി തോടുകൾ, കുളങ്ങൾ, കിണറുകൾ, നദികൾ, കായലുകൾ എന്നിങ്ങനെ പലതരം ജലാശയങ്ങൾ ഉണ്ടാകുന്നു. നമുക്ക് കുടിക്കുവാനും വസ്ത്രം കഴുകുവാനും എല്ലാം ആവശ്യമായ വെള്ളം ഇങ്ങനെ ലഭിക്കുന്നു.

വെള്ളത്തിൽ വളരുന്ന മീനുകളും മറ്റു പലതരം ജന്തുക്കളുമുണ്ട്. വെള്ളത്തിനുള്ളിൽ വളരുന്ന ചെടികളുമുണ്ട്.

ജീവൻ നിലനിർത്തുന്ന വെള്ളം നഷ്ടപ്പെടുത്തുന്നതും മലിനമാക്കുന്നതും ശരിയല്ല.

ദൈവത്തിന് നമ്മോടുള്ള സ്നേഹം മൂലമാണ് മഴയും വെയിലും ദൈവം നമുക്കായി ഒരുക്കിയിരിക്കുന്നത്.

**ഗുണപാഠം**

വായുവും ജലവും മലിനമാക്കരുത്.



ചിത്രം ചായം ഇടുക

## നമുക്ക് പാടാം

കാരുണ്യവാനായ ദൈവം
സ്നേഹസ്വരൂപനാം ദൈവം
തേൻമഴ തൂകുന്നു
പൊൻവെയിൽ ചൊരിയുന്നു
പനിനീരു പകരുന്നു.

## പ്രാർത്ഥന

ദൈവമേ, നിന്റെ എല്ലാ നല്ല ദാനങ്ങൾക്കായി നന്ദി.

## പ്രവർത്തനങ്ങൾ

ശരിയായ പ്രവൃത്തിക്കു നേരെ ✓ അടയാളവും തെറ്റായ പ്രവൃത്തിക്കുനേരെ ✗ അടയാളവും ഇടുക.

1. പൂച്ചട്ടിയിലെ ചെടി വാടി നില്ക്കുന്നതു കണ്ടാൽ വെള്ളമൊഴിക്കണം. ☐
2. വെള്ളത്തിന്റെ ആവശ്യം കഴിഞ്ഞാൽ ടാപ്പ് അടയ്ക്കണം. ☐
3. വീട്ടിലെ മാലിന്യങ്ങൾ പറമ്പിനു പുറത്തേക്കെറിയരുത്. ☐
4. മറ്റുള്ളവരോട് ചോദിക്കാതെ അവരുടെ സാധനങ്ങൾ എടുക്കരുത്. ☐

## മനഃപാഠവാക്യം

സങ്കീർത്തനം 19:1

"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു."

പാഠം പതിമൂന്ന്

# ആഹാരവും വസ്ത്രവും പാർപ്പിടവും

നമ്മൾ എന്നും ആഹാരം കഴിക്കുന്നു, പാലും വെള്ളവും മറ്റും കുടിക്കുന്നു. ഇത് നമ്മുടെ ശരീരവളർച്ചയ്ക്ക് ആവശ്യമാണ്.

ഓരോരുത്തർക്കും ഇഷ്ടപ്പെട്ട ഭക്ഷണങ്ങൾ എന്തെല്ലാമാണ്?

പഴങ്ങൾ, പച്ചക്കറികൾ, ആഹാരപദാർത്ഥങ്ങൾ എന്നിവയുടെ ചിത്രങ്ങൾ കാണുന്നു.

വിശക്കുമ്പോൾ നമുക്ക് വീട്ടിൽ എന്തെങ്കിലും ആഹാരം ലഭിക്കുന്നുണ്ട്.

ഇത് എങ്ങനെയുണ്ടായി?

അമ്മ വീട്ടിൽ തയ്യാറാക്കിയത്. ചിലത് കടയിൽനിന്നും വാങ്ങിയത്. ചിലത് കൃഷിചെയ്തു ലഭിച്ചത് (പഴവർഗ്ഗങ്ങൾ).

ആഹാരപദാർത്ഥങ്ങൾക്കുള്ള വസ്തുക്കൾ എന്തെല്ലാം? ധാന്യങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ, പാല്, മുട്ട, നെയ്യ്, വെണ്ണ, മത്സ്യം, മാംസം ഇവയെല്ലാം ദൈവം സൃഷ്ടിച്ച പ്രകൃതിയിൽനിന്ന് നമുക്ക് ലഭിക്കുന്നതാണ്. മനുഷ്യർക്കും ഭൂമിയിലെ സകല ജീവജാലങ്ങൾക്കും ആഹാരത്തിന് വേണ്ടതെല്ലാം ദൈവം ഒരുക്കിവച്ചിട്ടുണ്ട്. ആഹാരസാധനങ്ങൾ ദുരുപയോഗപ്പെടുത്തുവാൻ പാടില്ല.

വസ്ത്രങ്ങളും ആഹാരംപോലെ നമുക്ക് അത്യാവശ്യമാണ്. നിങ്ങളുടെ ഉടുപ്പുകൾ നോക്കൂ...


ഈ ഉടുപ്പുകൾ എങ്ങനെ ഉണ്ടാക്കുന്നു?

തുണികൾകൊണ്ട്.

തുണികൾ നെയ്യുന്നത് നൂല് ഉപയോഗിച്ചാണ്. ഇതിന് ആവശ്യമായ എല്ലാ കാര്യങ്ങളും പ്രകൃതിയിൽനിന്ന് ലഭിക്കുന്നു.

വസ്ത്രങ്ങൾക്ക് ആകർഷകമായ നിറം നൽകുവാനുള്ള പദാർത്ഥങ്ങളും ദൈവം സൃഷ്ടിച്ചിട്ടുണ്ട്.

കഠിനമായ തണുപ്പിൽനിന്നും വെയിലിന്റെ ചൂടിൽനിന്നും കോരിച്ചൊരിയുന്ന മഴയിൽനിന്നും രക്ഷനേടുവാൻ നാം വീടുകൾ നിർമ്മിക്കുന്നു. ഈ വീടുകൾ





ചിത്രം ചായം ഇടുക

ഉണ്ടാക്കുവാനുള്ള സാധനങ്ങളും വീട് നിർമ്മിക്കുവാനുള്ള ബുദ്ധിയും ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. അങ്ങനെ നമ്മുടെ ജീവിതം സുഖകരമാക്കുവാൻ വേണ്ട തെല്ലാം ദൈവം കരുതിയിരിക്കുന്നു. അതിന് നമുക്ക് ദൈവത്തെ സ്തുതിക്കാം.

## നമുക്ക് പാടാം

(ട്വിങ്കിൾ ട്വിങ്കിൾ ലിറ്റിൽ എന്ന രീതി...)

പാലും പഴവും കുടിനീരും
പാരിൽ പലവിധ വിളവുകളും
പകലും രാത്രിയുമൊരുപോലെ
പരിരക്ഷിക്കാൻ വീടുകളും
പരിചിൽ നമുക്കായ് കരുതുന്ന
പരമേശനു സ്തുതി പാടുക നാം

## പ്രാർത്ഥന

ദൈവമേ, അവിടുന്ന് നൽകിയിട്ടുള്ള എല്ലാ അനുഗ്രഹങ്ങൾക്കുവേണ്ടിയും ഞങ്ങൾ നിന്നെ സ്തുതിക്കുന്നു

## മനഃപാഠവാക്യം

സങ്കീർത്തനങ്ങൾ 24:1

ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു

### യൂണിറ്റ് നാല്

# നമുക്ക് ആരാധിക്കാം



### പാഠം പതിനാല്

## പ്രാർത്ഥന

കുട്ടികളെ നിങ്ങൾ നിത്യവും പ്രാർത്ഥിക്കാറുണ്ടല്ലോ? നമ്മൾ ആരോടാണ് പ്രാർത്ഥിക്കുന്നത്? ദൈവത്തോട്. നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവത്തെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം?

1. ദൈവം ബലവാനാണ്. അവൻ സകലതിനും ശക്തനാണ്. ദൈവത്തിന് ഒരു കാര്യവും അസാദ്ധ്യമല്ല.
2. ദൈവം മരണമില്ലാത്തവനാണ്. യേശുക്രിസ്തു നമുക്കുവേണ്ടി ക്രൂശിൽ മരിച്ചു എങ്കിലും മൂന്നാംദിവസം മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റു.

അങ്ങനെ നമുക്കുവേണ്ടി ക്രൂശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ കർത്താവിനോടുള്ള ഒരു പ്രാർത്ഥന നമുക്ക് ഇന്ന് പഠിക്കാം.

ടീച്ചർ ചൊല്ലിത്തരുന്ന ഈ പ്രാർത്ഥന എല്ലാവരും ഏറ്റുചൊല്ലണം.

ദൈവമേ നീ പരിശുദ്ധനാകുന്നു
ബലവാനേ നീ പരിശുദ്ധനാകുന്നു
മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു
ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ.

ഈ പ്രാർത്ഥന എപ്പോഴും മൂന്നു പ്രാവശ്യം ചൊല്ലണം. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ എന്ന് ചൊല്ലുമ്പോൾ കുരിശുവരച്ച് കുമ്പിടണം. നമ്മുടെ എല്ലാ



പ്രാർത്ഥനകളിലും ആദ്യവും അവസാനവും ഈ പ്രാർത്ഥന നിർബന്ധമായും ചൊല്ലും

## പ്രവർത്തനങ്ങൾ

1. കുരിശുവരച്ചു പഠിക്കുക (ടീച്ചർ നിങ്ങളെ സഹായിക്കും)
2. കുമ്പിടാൻ പരിശീലിക്കുക

### പാഠം പതിനഞ്ച്

# ആരാധനാഗീതം

കുട്ടികളേ, നിങ്ങൾ എല്ലാ ഞായറാഴ്ചയും പള്ളിയിൽ ആരാധനയിൽ പങ്കെടുക്കാറുണ്ടല്ലോ? ആരാധനയുടെ ഭാഗമായി ധാരാളം ഗീതങ്ങൾ പാടാറില്ലേ? അതൊക്കെ നമുക്ക് വളരെ ഇഷ്ടവുമല്ലേ? നമ്മുടെ ആരാധനയിൽ പാടുന്ന ചില ഗീതങ്ങൾ ഇന്ന് നമുക്ക് പഠിക്കാം.

മാതാവിനോടുള്ള ഒരു മദ്ധ്യസ്ഥ പ്രാർത്ഥന നമുക്ക് ആദ്യം പാടാം. ടീച്ചർ ചൊല്ലിത്തരുന്നത് ഏറ്റുചൊല്ലുക.

ഭക്തർ പുകഴ്ചാ ഭാജനമേ
നിന്നിലുദിച്ചോരേകസുതൻ
തൃക്കരങ്ങൾ ഞങ്ങളിലലിവാൻ തൻ
പക്കലപേക്ഷയണക്കേണം

ഇനി കർത്താവിനോടുള്ള ഒരു പ്രാർത്ഥന നമുക്ക് ചൊല്ലാം.

മോറോനീശോ കുരിശും നിൻ
മാതൃജനത്തിൻ പ്രാർത്ഥനയും
അടികളെയും നിൻ കോപത്തിൻ
വടികളെയും മായ്ച്ചീടേണം

ഇനി പരിശുദ്ധന്മാരോടുള്ള ഒരു മദ്ധ്യസ്ഥ പ്രാർത്ഥന ചൊല്ലാം

പരിശുദ്ധന്മാരേ നിങ്ങൾ
പ്രാർത്ഥിപ്പിൻ കർത്താവോടായ്
അടികളെയും തൻ കോപത്തിൻ
വടികളെയും മായിച്ചീടാൻ

അടുത്തതായി ദൈവത്തെയും മാതാവിനെയും സഹദേന്മാരെയുമെല്ലാം ഓർക്കുന്ന ഒരു ഗീതം ചൊല്ലാം.


സ്തുതിദൈവത്തിന്നുയരത്തിൽ
തൻ മാതാവിന്നുന്നതിയും

മഹിമാമുടി സഹദേന്മാർക്കും
മൃതരിൽ കരുണയുമുണ്ടാക

ഈ ഗാനങ്ങൾ ക്ലാസ്സിൽ പലതവണ ടീച്ചറിന്റെ സഹായത്തോടെ പാടി പഠിക്കുക

## പ്രവർത്തനങ്ങൾ

1. ഈ ഗീതങ്ങൾ ആരാധനയിൽ ആലപിക്കുമ്പോൾ ചേർന്ന് ചൊല്ലുക.
2. മറ്റു സന്ദർഭങ്ങളിലും ഇവ ചൊല്ലി ഹൃദിസ്ഥമാക്കുക


St. Thomas
the apostle of India
Pray for us